**മധുരമായ കുട്ടികളേ - എപ്പോഴാണോ ആത്മാവ് ഈ ശരീരത്തിലേക്ക് പ്രവേശിക്കുന്നത് അപ്പോഴാണ് ഈ ശരീരത്തിനും മൂല്യമുളളത്, എന്നാൽ അലങ്കാരം ശരീരത്തിനാണുളളത് ആത്മാവിനല്ല.**

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെ കർത്തവ്യം എന്താണ്, നിങ്ങൾക്ക് ഏതൊരു സേവനമാണ് ചെയ്യേണ്ടത്?
**ഉത്തരം:-** തന്റെ ഗണത്തിലുള്ളവർക്ക് നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയുമായി മാറാനുളള യുക്തി പറഞ്ഞു കൊടുക്കുക എന്നതാണ് നിങ്ങളുടെ കർത്തവ്യം. നിങ്ങൾക്കിപ്പോൾ ഭാരതത്തിന്റെ സത്യമായ ആത്മീയ സേവനം ചെയ്യണം. നിങ്ങൾക്ക് മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട് അപ്പോൾ നിങ്ങളുടെ ബുദ്ധിയും പെരുമാറ്റവും വളരെ ശുദ്ധമായിരിക്കണം. ആരിലും അൽപം പോലും മോഹം പാടില്ല.

**ഗീതം -** കണ്ണുകാണാത്തവർക്ക് വഴി കാണിച്ചു കൊടുക്കൂ പ്രഭോ........

**ഓം ശാന്തി**. ഡബിൾ ശാന്തി. ഇതിനു മറുപടിയായി നിങ്ങൾ കുട്ടികൾക്കും ഓം ശാന്തി പറയണം. നമ്മുടെ സ്വധർമ്മമാണ് ശാന്തി. നിങ്ങൾക്കിപ്പോൾ ശാന്തിയ്ക്കുവേണ്ടി എങ്ങോട്ടും പോകേണ്ടതായ ആവശ്യമില്ല. മനുഷ്യർ ശാന്തിയ്ക്കു വേണ്ടി സാധു-സന്യാസിമാരുടെ അടുക്കലേക്ക് പോകുന്നില്ലേ. മനസ്സും ബുദ്ധിയുമാണ് ആത്മാവിന്റെ അവയവങ്ങൾ. ഈ ശരീരത്തിലെ അവയവങ്ങളെപ്പോലെ മനസ്സും ബുദ്ധിയും ആത്മാവിന്റെ കണ്ണുകളാണ്. ശരീരത്തിലെ കണ്ണുപോലെയുളള കണ്ണുകളല്ല. കണ്ണുകാണാത്തവർക്ക് വഴികാണിച്ചുകൊടുക്കൂ പ്രഭോ എന്ന ഒരു പാട്ടുണ്ടല്ലോ. പ്രഭോ അഥവാ ഈശ്വരൻ എന്ന് പറയുന്നതിലൂടെ അച്ഛനോടുള്ള സ്നേഹം വരില്ല. അച്ഛനിൽ നിന്നും കുട്ടികൾക്ക് സമ്പത്ത് ലഭിക്കുന്നു. ഇവിടെ നിങ്ങൾ അച്ഛന്റെ മുന്നിലാണ് ഇരിക്കുന്നത്. പഠിക്കുന്നുമുണ്ട്. ആരാണ് നിങ്ങളെ പഠിപ്പിക്കുന്നത്? പരമാത്മാവ് അഥവാ ഈശ്വരനാണ് നിങ്ങളെ പഠിപ്പിക്കുന്നത് എന്ന് ഒരിക്കലും നിങ്ങൾക്ക് പറയുവാൻ സാധിക്കില്ല. ശിവബാബയാണ് നിങ്ങളെ പഠിപ്പിക്കുന്നതെന്ന് നിങ്ങൾക്ക് പറയുവാൻ സാധിക്കും. അച്ഛനെന്ന വാക്ക് വളരെയധികം ലളിതമാണ്. വാസ്തവത്തിൽ ഇവിടെയുള്ളത് ബാപ്ദാദയാണ്. ആത്മാവിനെ ആത്മാവ് എന്നല്ലേ പറയൂ അതുപോലെ ബാബ പരമാത്മാവാണ്. ബാബ പറയുന്നു, ഞാൻ പരമമായ ആത്മാവ് നിങ്ങളുടെ പിതാവാണ്. പരമാത്മാവിന് ഡ്രാമാ അനുസരിച്ചുള്ള പേരാണ് ശിവൻ. ഡ്രാമാ അനുസരിച്ച് എല്ലാവർക്കും പേര് ആവശ്യമാണല്ലോ. ശിവന്റെ ക്ഷേത്രങ്ങളുമുണ്ട്. ഭക്തിമാർഗ്ഗത്തിലുള്ളവർ ഒന്നിനു പകരം അനേക പേരുകൾ വെച്ചു. അതുപോലെത്തന്നെ ധാരാളം ക്ഷേത്രങ്ങളും പണിതു. എന്നാൽ ഇതെല്ലാം തന്നെ ഒരാളുടെതു തന്നെയാണ്. സോമനാഥ ക്ഷേത്രം എത്ര വലുതാണ്, എത്ര അലങ്കാരമാണ്. ഇന്നത്തെക്കാലത്ത് വീടുകളെയെല്ലാം എത്രയാണ് അലങ്കരിക്കുന്നത്. എങ്ങനെയാണോ ആത്മാവിന് സ്ഥൂലമായ അലങ്കാരമില്ലാത്തത്, അതുപോലെ പരമാത്മാവിനും ഇല്ല. ബാബയും ബിന്ദുവാണ്. ബാക്കി അലങ്കാരങ്ങളെല്ലാം ശരീരത്തിനാണ്. ബാബ പറയുന്നു- എനിക്കും അലങ്കാരമില്ല, ആത്മാവിനുമില്ല. ആത്മാവ് ഇത്രയും ചെറിയ ബിന്ദുവാണ്, ഇത്രയും ചെറിയ ബിന്ദുവിന് പാർട്ട് അഭിനയിക്കാൻ സാധിക്കില്ല. ഈ ചെറിയ ആത്മാവ് എപ്പോഴാണോ ശരീരത്തിലേക്ക് പ്രവേശിക്കുന്നത്, അപ്പോൾ ശരീരത്തെ എത്രയാണ് അലങ്കരിക്കുന്നത്. മനുഷ്യർക്ക് എത്ര പേരുകളാണുള്ളത്. ഒരു രാജാവ് അല്ലെങ്കിൽ രാജ്ഞി എത്രയാണ് സ്വയത്തെ അലങ്കരിക്കുന്നത്. വാസ്തവത്തിൽ ആത്മാവ് വളരെ ലളിതമായ ഒരു ബിന്ദുവാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഇതെല്ലാം തന്നെ മനസ്സിലാക്കി. ആത്മാവ് തന്നെയാണ് ജ്ഞാനത്തെ ധാരണ ചെയ്യുന്നത്. ബാബ പറയുന്നു എന്നിലും ജ്ഞാനമുണ്ടല്ലോ. ശരീരത്തിലല്ല, ആത്മാവിലാണ് ജ്ഞാനമുള്ളത്. പരമാത്മാവിലാണ് ജ്ഞാനമുള്ളത്, നിങ്ങൾക്ക് ഈ ജ്ഞാനം പകരുന്നതിനായി എനിക്ക് ഈ ശരീരത്തെ ആധാരമായി എടുക്കണം. ശരീരം കൂടാതെ നിങ്ങൾക്ക് കേൾക്കാൻ സാധിക്കില്ല. നയനഹീനർക്ക് വഴികാണിച്ചുകൊടുക്കൂ പ്രഭോ... എന്ന ഗീതവുമുണ്ട്, ശരീരത്തിലെ കണ്ണുകളെക്കുറിച്ചാണോ ഇവിടെ പറയുന്നത്? അല്ല, ആത്മാവിലെ കണ്ണുകളെക്കുറിച്ചാണ്. ആത്മാവ് തന്നെയാണ് വിളിക്കുന്നത്. ശരീരത്തിന് രണ്ട് കണ്ണുകളുണ്ട്. ഒരിക്കലും മൂന്നെണ്ണമുണ്ടാകില്ലല്ലോ. മൂന്നാമത്തെ നേത്രമായി ഇവിടെ (മസ്തകത്തിൽ) തിലകത്തെ കാണിച്ചിട്ടുണ്ട്. ചിലർ അവിടെ ഒരു ബിന്ദുവിനെ കാണിക്കാറുണ്ട്, ചിലർ കേവലം ഒരു രേഖ വരയ്ക്കുന്നു. വാസ്തവത്തിൽ ആത്മാവ് ഒരു ബിന്ദുവാണ്. നിങ്ങൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചു. ആത്മാവിന് ആദ്യം ജ്ഞാനത്തിന്റെ ഈ മൂന്നാമത്തെ നേത്രം ഉണ്ടായിരുന്നില്ല. ഒരു മനുഷ്യരിലും ഈ ജ്ഞാനമില്ല. അതുകൊണ്ടാണ് ജ്ഞാനനേത്രഹീനരെന്ന് പറയുന്നത്. ബാക്കി സ്ഥൂലമായ കണ്ണുകൾ എല്ലാവരിലുമുണ്ട്. മുഴുവൻ ലോകത്തിലും ആർക്കും തന്നെ ഈ മൂന്നാമത്തെ നേത്രമില്ല.

നിങ്ങൾ സർവ്വോത്തമ ബ്രാഹ്മണകുലത്തിലേതാണ്. ഭക്തിമാർഗ്ഗവും ജ്ഞാനമാർഗ്ഗവും തമ്മിൽ എത്ര വ്യത്യാസമാണെന്ന് മനസ്സിലായി. നിങ്ങൾ രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കി ചക്രവർത്തി മഹാരാജാവായിത്തീരുകയാണ്. ഐ.സി.എസ് പഠിക്കുന്നവർക്ക് ഉയർന്ന പദവി ലഭിക്കുന്നു. എന്നാൽ ഇവിടെ പഠിപ്പിലൂടെയല്ല എം.പി യുടെ പദവി നേടുന്നത്, ഇവിടെ തിരഞ്ഞെടുപ്പിലൂടെയാണ്, വോട്ടിലൂടെയാണ് എം.പി യുടെ പദവി ലഭിക്കുന്നത്. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് ബാബയുടെ ശ്രീമതം ലഭിക്കുന്നു. ആത്മാക്കൾക്ക് മതം നൽകുവാൻ മറ്റാർക്കും തന്നെ സാധിക്കില്ല. മറ്റെല്ലാവരും ദേഹാഭിമാനികളാണ്. ബാബ തന്നെയാണ് വന്ന് ദേഹീ-അഭിമാനികളായിമാറാൻ പഠിപ്പിക്കുന്നത്. ബാക്കി എല്ലാവരും ദേഹാഭിമാനികളാണ്. മനുഷ്യർ തന്റെ ശരീരത്തെ എത്രയാണ് അലങ്കരിക്കുന്നത്. ഇവിടെയാണെങ്കിൽ ബാബ ആത്മാക്കളെയാണ് കാണുന്നത്. ശരീരം വിനാശിയാണ്, കാൽക്കാശിനു പോലും വിലയില്ലാത്തതാണ്. മൃഗങ്ങളുടെ ശരീരത്തിന്റെ തോലെങ്കിലും ഉപയോഗപ്പെടുന്നു. മനുഷ്യ ശരീരത്തിന് യാതൊരു ഉപയോഗവുമില്ല. ഇപ്പോൾ ബാബ വന്ന് പൗണ്ടിന് സമാനം വിലയുള്ളതാക്കി മാറ്റുന്നു.

നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ തന്നെയാണ് ദേവതകളാകുന്നത്. അപ്പോൾ തീർച്ചയായും ആ ലഹരി വർദ്ധിക്കണം. എന്നാൽ ലഹരിയും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചായിരിക്കും. ധനത്തിന്റെയും ലഹരിയുണ്ടായിരിക്കുമല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾ വളരെയധികം ധനവാനായി മാറുകയാണ്. ഇപ്പോൾ നിങ്ങൾ ധാരാളം സമ്പാദിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മഹിമയും അനേകപ്രകാരത്തിലാണുള്ളത്. നിങ്ങൾ പുഷ്പങ്ങളുടെ പൂന്തോട്ടം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. സത്യയുഗത്തെ പുഷ്പങ്ങളുടെ പൂന്തോട്ടം എന്നാണ് പറയുന്നത്. ഇതിന്റെ തൈ എപ്പോഴാണ് നടുന്നതെന്ന് ആർക്കും തന്നെ അറിയില്ല. ഇത് നിങ്ങൾക്ക് ഇപ്പോൾ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. അല്ലയോ ഭഗവാനേ എന്ന് എല്ലാവരും വിളിക്കുന്നുണ്ട്. ബാബയെ ഒരിക്കലും തോട്ടക്കാരനെന്ന് പറയില്ല, കാരണം നിങ്ങൾ കുട്ടികളാണ് പൂന്തോട്ടത്തെ സംരക്ഷിക്കുന്നവർ. പൂന്തോട്ട സംരക്ഷകർ അനേക പ്രകാരത്തിലുണ്ട്. എന്നാൽ എല്ലാ പൂന്തോട്ടങ്ങളുടെയും ഉടമസ്ഥൻ ഒരേയൊരു ബാബയാണ്. മുഗൾ ഗാർഡനിലുള്ള തോട്ടക്കാരന് വളരെ ഉയർന്ന ശമ്പളം ലഭിക്കുന്നുണ്ടായിരിക്കും. കാരണം അവർ പൂന്തോട്ടത്തെ വളരെ മനോഹരമാക്കി മാറ്റുന്നു, ധാരാളം പേർ കാണാൻ വരുന്നു. മുഗൾ രാജവംശജർ വളരെയധികം പ്രൗഢിയുള്ളവരാണ്, പത്നി മരിച്ചപ്പോഴാണ് താജ്മഹൽ പണിതത്. അങ്ങനെ അതിന്റെ പ്രശസ്തിയുണ്ടായി. എത്ര നല്ലനല്ല ഓർമ്മചിഹ്നങ്ങളാണുണ്ടാക്കിയിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു, മനുഷ്യർക്ക് തന്നെ നോക്കൂ എത്ര മഹിമയാണുള്ളത്. മനുഷ്യർ മനുഷ്യർ തന്നെയാണല്ലോ. യുദ്ധത്തിൽ ധാരാളം മനുഷ്യർ മരിക്കുമ്പോൾ അവരുടെ മൃതദേഹത്തെ എന്തുചെയ്യാനാണ്. അതെല്ലാം മണ്ണെണ്ണയും പെട്രോളും ഒഴിച്ച് കത്തിക്കും. ചിലരുടെ മൃതദേഹം അതുപോലെത്തന്നെ കിടക്കും. ആ സമയത്തൊന്നും സംസ്ക്കാരം നടത്താൻ സാധിക്കില്ലല്ലോ. അപ്പോൾ മനുഷ്യശരീരത്തിന് യാതൊരു വിലയുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നാരായണീലഹരി വർദ്ധിക്കണം. ഇത് വിശ്വത്തിന്റെ അധികാരി പദവിയുടെ ലഹരിയാണ്. സത്യനാരായണന്റെ കഥയാണ് കേൾക്കുന്നത് എങ്കിൽ തീർച്ചയായും നാരായണനാകില്ലേ. ആത്മാവിന് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. നൽകുന്നത് ഒരേയൊരു ബാബയാണ്. മൂന്നാം കണ്ണിന്റെ കഥയുമുണ്ട്. ഇതിന്റെയെല്ലാം അർത്ഥം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. കഥകേൾപ്പിക്കുന്നവർക്ക് ഇതിനെക്കുറിച്ചൊന്നും തന്നെ അറിയില്ല. അമരകഥയും കേൾപ്പിക്കുന്നുണ്ട്. അമരകഥ കേൾക്കാനായി ദൂരെ-ദൂരെ വരെ പോകുന്നവരുണ്ട്. ബാബ നമുക്ക് ഇവിടേക്കു വന്നു കേൾപ്പിക്കുന്നു. മുകളിൽ നിന്നും കേൾപ്പിക്കാൻ സാധിക്കില്ലല്ലോ. മുകളിലിരുന്ന് കൊണ്ട് പാർവ്വതിയ്ക്ക് എങ്ങനെ അമരകഥ കേൾപ്പിച്ചുകൊടുക്കും. ഈ കഥകൾ ഉണ്ടാക്കുന്നതും- ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇനി വീണ്ടും ആവർത്തിക്കപ്പെടും. ബാബ കുട്ടികൾക്ക് ഭക്തിയുടെയും ജ്ഞാനത്തിന്റെയും വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. അന്ധർക്ക് വഴി കാണിച്ചുകൊടുക്കൂ പ്രഭോ എന്ന് പറയാറുണ്ടല്ലോ. ഭക്തിമാർഗ്ഗത്തിൽ ഇങ്ങനെ വിളിക്കാറുണ്ട്. ബാബ വന്ന് നമുക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുകയാണ്. ഈ നേത്രത്തെക്കുറിച്ച് നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രമില്ലെങ്കിൽ അവരുടെത് തിമിരം ബാധിച്ച ചെറിയകണ്ണുകൾ പോലെയാണ്. സ്ഥൂലനേത്രങ്ങൾ ഓരോരുത്തർക്കും പലതരത്തിലാണുള്ളത്. ചിലരുടേത് ശോഭനീയമായ കണ്ണുകളായിരിക്കും. പിന്നീട് അതിന് സമ്മാനവും ലഭിക്കുന്നു മിസ്സ് ഇന്ത്യ എന്നെല്ലാം..... നിങ്ങൾ കുട്ടികളെ ഇപ്പോൾ ബാബ എന്തിൽ നിന്നും എന്താക്കിയാണ് മാറ്റുന്നത്. സത്യയുഗത്തിൽ പ്രകൃതി ദത്തമായ സൗന്ദര്യമായിരിക്കും. എന്തുകൊണ്ടാണ് കൃഷ്ണന് ഇത്രയും മഹിമയുള്ളത്? കാരണം കൃഷ്ണൻ ഏറ്റവും കൂടുതൽ സൗന്ദര്യമുള്ളവനാണ്. നമ്പർവൺ കർമ്മാതീത അവസ്ഥ പ്രാപിക്കുന്നു, അതുകൊണ്ടാണ് പ്രശസ്തിയും

നമ്പർവൺ. ഇതും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ ഇടയ്ക്കിടെ പറയുന്നു, കുട്ടികളേ മന്മനാഭവ. അല്ലയോ ആത്മാക്കളേ, തന്റെ അച്ഛനെ ഓർമ്മിക്കൂ. കുട്ടികളിലും നമ്പർ വൈസാണല്ലോ. ലൗകിക പിതാവിനും അഞ്ച് മക്കളുണ്ടെങ്കിൽ, അതിൽ വിവേകശാലി കുട്ടിയെ മുന്നിൽ വെക്കുന്നു. മാലയിലെ മുത്തുകളല്ലേ. ഒന്നാം നമ്പർ, രണ്ടാം നമ്പർ, മൂന്നാം നമ്പർ..... എല്ലാം ഒരേപോലെയിരിക്കില്ല. ബാബയുടെ സ്നേഹവും നമ്പർവൈസായിരിക്കും. ലൗകികത്തിലേത് പരിധിയുള്ള കാര്യം ഇവിടെ പരിധിയില്ലാത്ത കാര്യം.

ഏതു കുട്ടികൾക്കാണോ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുന്നത് അവരുടെ ബുദ്ധിയും പെരുമാറ്റവും വളരെ പരിശുദ്ധമായിരിക്കും. പുഷ്പങ്ങളുടെ രാജാവിനെക്കുറിച്ച് പറയാറുണ്ടല്ലോ അതുപോലെ ഈ ബ്രഹ്മാവും സരസ്വതിയും പുഷ്പങ്ങളുടെ രാജാവും റാണിയുമാണ്. ജ്ഞാനത്തിലും യോഗത്തിലും തീവ്രഗതിയിൽ മുന്നേറുന്നവരാണ്. നിങ്ങൾക്കറിയാം നമ്മൾ ദേവതകളായി മാറുന്നവരാണ്. അഷ്ടരത്നങ്ങളാണ് മുഖ്യം. അഷ്ടരത്നങ്ങളുടെ മാലയിൽ ആദ്യമാദ്യം പുഷ്പമാണ്(ശിവബാബ), പിന്നീട് യുഗിൾ മുത്തുകൾ ബ്രഹ്മാവും സരസ്വതിയും. പലരും മാല സ്മരിക്കാറില്ലേ. വാസ്തവത്തിൽ നിങ്ങൾ ബ്രാഹ്മണർക്ക് പൂജയില്ല, സ്മരണ മാത്രമാണുള്ളത്. നിങ്ങളുടെ മേൽ പുഷ്പങ്ങൾ അർപ്പിക്കാൻ സാധിക്കില്ല. ശരീരം പവിത്രമാണെങ്കിൽ മാത്രമേ പുഷ്പങ്ങൾ അർപ്പിക്കാൻ സാധിക്കൂ. ഇവിടെ ആരുടെയും ശരീരം പവിത്രമല്ല. എല്ലാവരും വിഷത്തിലൂടെ ജനിച്ചതാണ്, അതുകൊണ്ട് വികാരികളാണ്. ഈ ലക്ഷ്മീ-നാരായണനെ മാത്രമേ സമ്പൂർണ്ണ നിർവ്വികാരികൾ എന്ന് പറയൂ. സത്യയുഗത്തിലും കുട്ടികൾ ജനിക്കുമല്ലോ. അവിടെ ടെസ്റ്റ് ട്യൂബിലൂടെയൊന്നുമല്ല കുട്ടികൾ ജനിക്കുന്നത്. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. നിങ്ങൾ കുട്ടികളെ ഇവിടെ ഏഴു ദിവസം ഭട്ഠിയിൽ ഇരുത്താറുണ്ട്. ഭട്ഠിയിലുള്ള ഇഷ്ടികകൾ ചിലത് പൂർണ്ണമായും പക്കയാകുന്നു, ചിലത് പാകമാകാതെ തന്നെ ഇരിക്കുന്നു. ചൂളയുടെ ഉദാഹരണമാണ് നൽകുന്നത്. എന്നാൽ ഈ ഇഷ്ടികയുടെ ചൂളയെക്കുറിച്ച് ഒരിക്കലും ശാസ്ത്രത്തിൽ വർണ്ണിച്ചിട്ടില്ല. ഇതിനെക്കുറിച്ച് ഒരു കഥയിൽ മായയാകുന്ന പൂച്ചയെക്കുറിച്ച് പറയുന്നുണ്ട്. ഗുലബ്കാവലി എന്ന കഥയിൽ ഒരു കളിയിൽ എല്ലാവരെയും തോൽപ്പിക്കുന്നതിനായി പൂച്ചയുടെ ശിരസ്സിൽ ദീപത്തെ വെക്കുന്നു, ദീപം അണയുന്നതിനുവേണ്ടി അതിന്റെ മുന്നിലേക്ക് എലിയെ വിടുന്നു നിങ്ങളുടെയും അവസ്ഥ ഇതാണ്. മായയാകുന്ന പൂച്ച വിഘ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ അവസ്ഥയെ താഴേക്ക് വീഴ്ത്തുന്നു. ആദ്യത്തെ നമ്പർ ദേഹാഭിമാനമാണ്, പിന്നീടാണ് മറ്റുള്ള വികാരങ്ങൾ വരുന്നത്. ഒരുപാടുപേരിൽ മോഹമാകുന്ന ഭൂതവുമുണ്ട്. എനിക്ക് ഭാരതത്തെ സ്വർഗ്ഗമാക്കുന്ന സേവനം ചെയ്യണമെന്ന് കുട്ടികൾ പറയുമ്പോൾ മാതാപിതാക്കൾ മോഹത്തിൽ വശപ്പെട്ട് അതിന് സമ്മതിക്കില്ല. നിങ്ങൾ മോഹത്തിൽ വശപ്പെട്ട പൂച്ചയെപ്പോലെയാകരുത്. നിങ്ങളുടെ ലക്ഷ്യം തന്നെ ലക്ഷ്മി-നാരായണനാവുകയാണ്. ബാബ വന്ന് മനുഷ്യനിൽ നിന്നും ദേവത അല്ലെങ്കിൽ നരനിൽ നിന്നും നാരായണനാക്കിയാണ് മാറ്റുന്നത്. തന്റെ ഗണത്തിൽപ്പെട്ടരുടെ സേവനം ചെയ്യുക എന്നതാണ് നിങ്ങളുടെ കർത്തവ്യം. ഭാരതത്തിന്റെ സേവനം ചെയ്യണം. നിങ്ങൾക്കറിയാം നമ്മൾ ആദ്യം ആരായിരുന്നു, ഇപ്പോൾ എന്തായിരിക്കുകയാണ്. ഇപ്പോൾ വീണ്ടും രാജാക്കന്മാരുടെയും രാജാവാകുന്നതിനള്ള പുരുഷാർത്ഥം ചെയ്യൂ. തന്റെ രാജധാനിയുടെ സ്ഥാപനയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഇതിൽ ബുദ്ധിമുട്ടേണ്ടതായ ആവശ്യമില്ല. ഡ്രാമയിൽ വിനാശത്തിനായുള്ള യുക്തിയും രചിക്കപ്പെട്ടിട്ടുണ്ട്. ഇതിനു മുമ്പും മിസൈലുകളുടെ യുദ്ധം നടന്നിട്ടുണ്ട്. എപ്പോഴാണോ നിങ്ങൾ പൂർണ്ണ രീതിയിൽ തയ്യാറെടുക്കുന്നത്, എല്ലാവരും പുഷ്പങ്ങളായി മാറുന്നത്, അപ്പോഴാണ് വിനാശം സംഭവിക്കുന്നത്. ചിലർ പുഷ്പങ്ങളുടെ രാജാവാണ്, ചിലർ റോസാപുഷ്പം, ചിലർ രാജമല്ലി... ഓരോരുത്തർക്കും നല്ല രീതിയിൽ മനസ്സിലാക്കുവാൻ സാധിക്കും ഞാൻ എരിക്കിൻ പുഷ്പമാണോ അല്ലയോ? വളരെയധികം പേർക്ക് ജ്ഞാനത്തിന്റെ ധാരണപോലുമില്ല. നമ്പർവൈസല്ലേ. ചിലർ വളരെയധികം ഉയർന്നത്, ചിലർ വളരെയധികം താഴ്ന്നതും. ഇവിടെ നിന്നു തന്നെയാണ് രാജധാനിയുടെ സ്ഥാപനയുണ്ടാകുന്നത്. ശാസ്ത്രത്തിൽ കാണിച്ചിട്ടുണ്ട് പാണ്ഡവർ വീണു മരിച്ചു എന്ന്. പിന്നെന്തുണ്ടായി എന്ന് അറിയില്ല. കഥകൾ ഒരുപാട് ഉണ്ടാക്കിയിട്ടുണ്ട്, എന്നാൽ അതുപോലെയൊന്നും സംഭവിച്ചിട്ടില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ എത്ര സ്വച്ഛബുദ്ധികളായാണ് മാറുന്നത്. ബാബ നിങ്ങൾക്ക് അനേക പ്രകാരത്തിലുള്ള യുക്തികൾ മനസ്സിലാക്കിത്തരുന്നു. എത്ര സഹജമാണ്. കേവലം ബാബയെയും സമ്പത്തിനെയും ഓർമ്മിക്കണം. ബാബ പറയുന്നു ഞാൻ തന്നെയാണ് പതിതപാവനൻ. നിങ്ങളുടെ ശരീരവും ആത്മാവും പതിതമാണ്. ഇപ്പോൾ പാവനമാകണം. ആത്മാവ് പവിത്രമാകുമ്പോൾ ശരീരവും പവിത്രമായത് ലഭിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് വളരെയധികം പ്രയത്നിക്കണം. ബാബ പറയുന്നു- കുട്ടികൾ വളരെയധികം ദുർബലരാണ്. ബാബയെ ഓർമ്മിക്കാൻ മറന്നുപോകുന്നു. ബ്രഹ്മാബാബ സ്വയം തന്റെ അനുഭവം പറയാറുണ്ട്. ഭക്ഷണം കഴിക്കുന്ന സമയത്ത് ഓർമ്മിക്കാറുണ്ട്, ശിവബാബയാണ് കഴിപ്പിക്കുന്നതെന്ന് എന്നാൽ വീണ്ടും മറന്നുപോകുന്നു. പിന്നീട് സ്മൃതിയിലേക്ക് വരുന്നു. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ്. ചിലർ

ബന്ധനമുക്തരായിട്ടും പലരിലും കുടുങ്ങി മരിച്ചുപോകുന്നു. ചിലർ കുട്ടികളെ ദത്തെടുക്കുന്നവരുമുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുന്ന ബാബയെ ലഭിച്ചിട്ടുണ്ട്- ഇതിനെയാണ് മൂന്നാമത്തെ നേത്രത്തിന്റെ കഥയെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ നാസ്തികരിൽ നിന്നും ആസ്തികരായിത്തീരുന്നു. ബാബ ബിന്ദുസ്വരൂപനാണെന്ന് കുട്ടികൾക്കറിയാം. ജ്ഞാനത്തിന്റെ സാഗരനാണ്. ഭഗവാൻ നാമരൂപത്തിൽ നിന്നും വേറിട്ടതാണെന്ന് മറ്റുള്ളവർ പറയുന്നു. ജ്ഞാനസാഗരനെങ്കിൽ തീർച്ചയായും ജ്ഞാനം കേൾപ്പിക്കില്ലേ. ബാബയുടെ ഓർമ്മചിഹ്നമായാണ് ശിവലിംഗം വെച്ചിരിക്കുന്നത്, പിന്നെങ്ങനെ നാമ രൂപത്തിൽ നിന്ന് വേറിട്ടതെന്ന് പറയും. ആയിരക്കണക്കിന് പേരാണ് പറയുന്നത്. കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവും നല്ല രീതിയിൽ ഉണ്ടായിരിക്കണം. പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരനാണെന്ന് പറയാറുണ്ട്. ഭൂമിയിലുള്ള മുഴുവൻ വൃക്ഷത്തെയും പേനയാക്കി ഭഗവാന്റെ മഹിമ എഴുതിയാലും അവസാനിക്കില്ലെന്ന് പറയുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമ സ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം -

1) ഇപ്പോൾ നിങ്ങൾ ബാബയിലൂടെ പൗണ്ടിന് സമാനം വിലയുള്ളവരായി മാറുകയാണ്, നമ്മൾ തന്നെയാണ് ദേവതയായി മാറുന്നവർ. ഈ നാരായണീ ലഹരിയിലിരിക്കണം, ബന്ധനമുക്തരായി സേവനം ചെയ്യണം. ഒരിക്കലും ബന്ധനത്തിൽ അകപ്പെടരുത്.

2) ജ്ഞാനയോഗത്തിൽ തീവ്രഗതിയോടെ മാതാപിതാവിനു സമാനം പുഷ്പങ്ങളുടെ രാജാവായിത്തീരണം. തന്റെ സമാനതലത്തിലുള്ളവരുടെ സേവനവും ചെയ്യണം.

## വരദാനം - തന്റെ സർവ ഖജനാക്കളെയും മറ്റാത്മാക്കളുടെ സേവനത്തിലുപയോഗിച്ച് സഹയോഗിയാകുന്ന സഹജയോഗി ഭവ.

സഹജയോഗിയാകാനുള്ള മാർഗമാണ്- സദാ അവനവനെ സങ്കൽപത്തിലൂടെ, വാക്കിലൂടെ, ഓരോ കാര്യ ത്തിലൂടെ വിശ്വത്തിലെ സർവാത്മാക്കളെയും പ്രതി സേവാധാരിയെന്നു മനസിലാക്കി സേവനത്തിൽ തന്നെ സർവതും ഉപയോഗിക്കുക. ശക്തികളുടെ, ഗുണങ്ങളുടെ, ജ്ഞാനത്തിന്റെ, ശ്രേഷ്ഠ സമ്പാദ്യത്തിനുള്ള സമയത്തിന്റെ എന്തെല്ലാം ഖജനാക്കൾ ബ്രാഹ്മണജീവിതത്തിൽ ബാബയിൽ നിന്ന് പ്രാപ്തമായിട്ടുണ്ടോ അവ സേവനത്തിലുപയോഗിക്കൂ. അതായത് സഹയോഗിയാകൂ എങ്കിൽ സഹജയോഗിയാകുക തന്നെ ചെയ്യും. എന്നാൽ സഹയോഗിയാകാൻ അവർക്കേ കഴിയൂ- ആരാണോ സമ്പന്നം. സഹയോഗിയാകുക അർഥം മഹാദാനിയാകുക.

## സ്ലോഗൻ - പരിധിയില്ലാത്തവൈരാഗിയാകൂ എങ്കിൽ ആകർഷണത്തിന്റെ എല്ലാ സംസ്കാ രവും സഹജമായി തന്നെ അവസാനിക്കും

**അവ്യക്തസൂചനകൾ- സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
തന്റെ സ്ഥൂല കാര്യങ്ങളുടെ പരിപാടിയെ ദിനചര്യയനുസരിച്ച് സെറ്റ് ചെയ്യുന്ന പോലെ , തന്റെ മനസാ സമർഥ സ്ഥിതിയുടെ പരിപാടി സെറ്റ് ചെയ്യൂ എങ്കിൽ സങ്കിൽപശക്തി ശേഖരിക്കപ്പെട്ടുകൊണ്ടിരിക്കും. തന്റെ മനസിനെ സമർഥ സങ്കൽപങ്ങളിൽ ബിസിയാക്കി വെക്കുമെങ്കിൽ മനസിന് അപ്സെറ്റാകാനുള്ള സമയമേ ലഭിക്കില്ല. മനസ് സദാ സെറ്റ് അർഥം ഏകാഗ്രമെങ്കിൽ സ്വതവേ നല്ല വൈബ്രേഷൻ പരക്കുന്നു. സേവനം നടക്കുന്നു.